LIBRARY ARCHIVES Kerala Legislative Assembly

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി

216 (1655) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബറിന്റെ വിലയിടിവു മൂലമുണ്ടായ സാഹചര്യത്തിൽ കർഷകൻ റബ്ബർ കൃഷി എന്നേക്കുമായി ഉപേക്ഷിക്കുന്ന സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പുതിയതായി റബ്ബർ പ്ലാന്റ് ചെയ്യുന്നതിന് കർഷകർ തയ്യാറാകാത്ത സാഹചര്യം കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) ഇതര വകുപ്പുകളുമായി ബന്ധപ്പെട്ട് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനു ആലോചനയുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനുബന്ധ വകുപ്പുകളുമായി ചേർന്ന് സംയുക്തമായി റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വേണ്ട വകുപ്പുതല നടപടി സമയബന്ധിതമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിലയിരുത്തിയിട്ടില്ല.

(സി&ഡി) പ്ലാന്റേഷൻ കോർപ്പറേഷനുമായി സഹകരിച്ച് റബ്ബർ അധിഷ്ഠിത വ്യവസായം തുടങ്ങാൻ ആലോചിക്കുന്നു.

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി

217 (1656) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിനോട് എന്തെല്ലാം സഹായങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തെങ്കിലും സഹായങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ(എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ. എസ്. എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ. എസ്. എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാരിനോട് നിവേദനങ്ങളിലൂടെ താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. റബ്ബറിന്റെ ഇറക്കുമതി തടയുക.
2. റബ്ബർ വ്യവസായത്തെ 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും റബ്ബർ ഉല്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 8 ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക.